ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി 30-11-2020

**സർക്കുലർ നം: 90**

വിഷയം: ജയിലുകളിൽ തടവുകാരുടെ ആത്മഹത്യ തടയുന്നതു സംബന്ധിച്ച്.

സൂചന: സർക്കുലർ നം. 8 തീയതി : 15-02-2020.

ജയിലുകളിൽ തടവുകാർ ആത്മഹത്യ ചെയ്യുന്നതിനെ തടയുന്നതിന് താഴെ പറയുന്ന നടപടികൾ എടുക്കേണ്ടതാണ്.

1. മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനുള്ള വ്യായാമങ്ങൾ ചെയ്യുക, ദിനവും അരമണിക്കൂർ സൂര്യപ്രകാശം കൊള്ളുക, അതിലുപരി വ്യക്തിശുചിത്വം പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. വായനയും സംഗീതം ആസ്വദിക്കുന്നതും വഴി ഏറെക്കുറെ മാനസിക ഉല്ലാസം ലഭിക്കുന്നതാണ്. അതിനായി രാവിലെ 6 മണിമുതൽ വൈകുന്നേരം 8 മണിവരെ എഫ്.എം. റേഡിയോ കേൾപ്പിക്കാവുന്നതും വായനക്ക് മാഗസീനുകൾ വാങ്ങാവുന്നതാണ്. ഇതിലേക്കായി ലയൺസ് ക്ലബ്/ലോട്ടറി ക്ലബ് എന്നിവയുടെ സഹായം ആവശ്യപ്പെടാവുന്നതാണ്.
3. അനുവദിക്കപ്പെട്ട കുടുംബാംഗങ്ങളുടെ ഫോൺ നമ്പറുകളിലേക്ക് എണ്ണം നോക്കാതെ തന്നെ വിളിക്കുന്നതിന് അനുവദിക്കണം. കുടുംബാംഗങ്ങളുമായി സംസാരിക്കാൻ വിമുഖത കാണിക്കുന്നവരെ കുടുബാംഗങ്ങളോട് സംസാരിക്കുന്നതിന് പ്രോൽസാഹിപ്പിക്കണം.
4. മഫ്ലിയിൽ ഒരു ഉദ്യോഗസ്ഥൻ സ്ഥിരമായി തടവുകാരുമായി സംസാരിക്കുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്യണം. വിവരങ്ങൾ സൂപ്രണ്ടിന് റിപ്പോർട്ട് ചെയ്യണം. ഇക്കാര്യത്തിനായി അസ്സി. പ്രിസൺ ഓഫീസറിനെ നിയോഗിക്കാവുന്നതാണ്.
5. ആഴ്ചയിലൊരിക്കൽ എല്ലാ തടവുകാർക്കും കൌൺസലിംങ് ക്ലാസ്സ് നടത്തേണ്ടതാണ്. അതിനായി സന്നദ്ധ സംഘടനകളുമായി ആലോചിച്ച് കൌൺസലിംഗ് പാനൽ ഉണ്ടാക്കുക.
6. വെൽഫെയർ ഓഫീസർമാർ ഇല്ലാത്ത ജയിലുകളിൽ റീജിയണൽ വെൽഫെയർ ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുകയും തടവുകാരുമായി ഇടപഴകുകയും കൌൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി ആ സൌകര്യം നൽകുകയും വേണം.

എല്ലാ സൂപ്രണ്ടുമാരും മേൽ നിർദ്ദേശങ്ങൾ കർശനമായും നടപ്പാക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രസൺസ് &
കറക്ഷണൽ സർവ്വീസസ്.

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും
റീജണൽ വെൽഫെയർ ഓഫീസർമാർക്കും
മേഖലാ ഡി.ഐ.ജിമാർക്കും.